പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1431 — 16.03.2015 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി.എസ്.സുനിൽകുമാർ<br>കെ.അജിത്<br>ഇ.ചന്ദ്രശേഖരൻ<br>മുല്ലക്കര രത്നാകരൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി 'തീവ്ര പങ്കാളിത്ത ആസൂത്രണ പദ്ധതി' എന്ന പേരിൽ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിലേയ്ക്ക് പരിമിതപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ മാത്രമായി പരിമിതപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ സാദ്ധ്യതയുള്ള ബ്ലോക്കുകളുടെ എണ്ണം വ്യക്തമാക്കുമോ; | (ബി) | തീവ്രപങ്കാളിത്ത ആസൂത്രണ പ്രക്രിയ വഴി (IPPE) 2015-16 സാമ്പത്തിക വർഷത്തെ വാർഷിക കർമ്മപദ്ധതിയും ലേബർ ബഡ്ജറ്റും തയ്യാറാക്കുന്നതിനായി കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുള്ള പിന്നോക്ക ബ്ലോക്കുകളുടെ കൂട്ടത്തിൽ സംസ്ഥാനത്തെ 22 ബ്ലോക്കുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | സംസ്ഥാനങ്ങളുടെ സവിശേഷ സാഹചര്യം അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ കേന്ദ്ര തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ? | (സി) | സംസ്ഥാനത്തെ ഭൗതിക-തൊഴിൽ സാഹചര്യമനുസരിച്ച് ഡയറി, നെല്ല്/നാളികേരം/ ഇതര വിളകളുമായി ബന്ധപ്പെട്ട കൃഷിപ്പണികൾ, പാട്ടകൃഷി, കയർ/ കൈത്തറി/ ഖാദി മേഖലയിലെ പ്രവൃത്തികൾ എന്നിവ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തിയിനങ്ങളായി ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് സംസ്ഥാനം കേന്ദ്രസർക്കാരിന് നിവേദനം സമർപ്പിച്ചിട്ടുണ്ടെങ്കിലും അനുകൂല തീരുമാനം കേന്ദ്രസർക്കാർ അറിയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ